പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3413 — 11.05.2017 ൽ മറുപടിക്ക്

## ഗുരുവായൂർ ദേവസ്വത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.ഡി.സതീശൻ<br>,, അടൂർ പ്രകാശ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഗുരുവായൂർ ദേവസ്വത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് ഗുരുവായൂർ ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ക്യൂ കോംപ്ലക്സ് മൾട്ടി ലെവൽ കാർ പാർക്കിംഗ് പദ്ധതിക്ക് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഇല്ല. ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായാണ് വിഭാവനം ചെയ്തിട്ടുളളത്. |
| (ഡി) ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നതെന്ന് അറിയിക്കാമോ? | (ഡി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട ചട്ടങ്ങളനുസരിച്ച് ലഭ്യമാക്കേണ്ട, സർക്കാർ വകുപ്പുകളുടെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

007860

## ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഡോ. വി. എം. ഗോപാല മേനോൻ ഐ.എ.എസ്)

വിഷയം:- ഗുരുവായൂർ ദേവസ്വം - ഗുരുവായൂർ ക്ഷേത്രം കിഴക്കേനടയിൽ ക്യൂ കോംപ്ലക്സും ബഹുനില കാർ പാർക്കിംഗ് മന്ദിരവും നിർമ്മിക്കുന്നതിന് ധനവിനിയോഗാനുമതി നൽകി ഉത്തരവാകുന്നു.

സൂചന:- 1) ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 13/01/2014 -ലെ 7-ാം നമ്പർ തീരുമാനം.
2) ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 21/04/2014 -ലെ 45-ാം നമ്പർ തീരുമാനം.
3) മരാമത്ത് വിദഗ്ധ സമിതിയുടെ 27/04/2015 -ലെ 16-ാം നമ്പർ ശുപാർശ.
4) മരാമത്ത് വിദഗ്ധ സമിതിയുടെ 26/05/2015 -ലെ 28-ാം നമ്പർ ശുപാർശ.
4) ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 27/04/2015 -ലെ 84-ാം നമ്പർ തീരുമാനം.
5) ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 08/05/2015 -ലെ 67-ാം നമ്പർ തീരുമാനം.
6) ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്ററുടെ 11/05/2015, 17/06/2015, 29/06/2015, 22/08/2015 എന്നീ തീയതികളിലെ ഇ2(പി)-9697/2013 -ാം നമ്പർ കത്തുകൾ.
7) 11/08/2015 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടി യോഗം.
8) ജി.ഒ. (സാധാ) നം. 2623/2015/ആർ.എസ്.ഡി.ഡി തീയതി 13/08/2015.
9) 02/09/2015 -ലെ 31582/ദേവ2/2015/ആർഡി നമ്പർ സർക്കാർ കത്ത്.

---

പ്രൊസീഡിംഗ്സ് നമ്പർ: 147/2010/ജി.ഡി.സി. തീയതി, 08/09/2015.

---

### ഉത്തരവ്

ഗുരുവായൂർ ക്ഷേത്രം കിഴക്കേനടയിൽ 125 കോടി രൂപ വിനിയോഗിച്ച് ക്യൂകോംപ്ലക്സും ബഹുനില കാർപാർക്കിംഗ് മന്ദിരവും, ഭക്തജനങ്ങളുടെ സാമ്പത്തിക സഹായത്തോടും സഹകരണത്തോടും കൂടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ധനവിനിയോഗാനുമതി നൽകണമെന്ന് സൂചനയിലെ മരാമത്ത് വിദഗ്ധ സമിതി തീരുമാനങ്ങളുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ദേവസ്വം അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെട്ടിരുന്നു. പ്ലാനിൽ കണ്ട ചില ന്യൂനതകൾ പരിഹരിക്കണമെന്ന വ്യവസ്ഥയിൽ സൂചന 8 പ്രകാരം ക്യൂ കോംപ്ലക്സും മൾട്ടി ലവൽ കാർ പാർക്കിംഗും നിർമ്മിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

.....2/

മേൽ സാഹചര്യത്തിൽ ഗുരുവായൂർ ദേവസ്വം മരാമത്ത് വിദഗ്ധ സമിതി ശുപാർശയുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റി തീരുമാനത്തിൻെറയും ദേവസ്വം അഡ്മിനിസ്ട്രേറ്ററുടെ കത്തിൻെറയും സൂചന 7 -ലെ യോഗ തീരുമാനത്തിൻെറയും സൂചന 8-ലെ സർക്കാർ ഉത്തരവിൻെറയും അടിസ്ഥാനത്തിൽ സൂചന 8 -ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഭക്തജനങ്ങളുടെ സാമ്പത്തിക സഹായം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഗുരുവായൂർ ക്ഷേത്രം കിഴക്കേ നടയിൽ ക്യൂകോംപ്ലക്സും ബഹുനില കാർപാർക്കിംഗ് മന്ദിരവും നിർമ്മിക്കുന്നതിനുള്ള 125 കോടി രൂപയുടെ (നൂറ്റി ഇരുപത്തിയഞ്ച് കോടി രൂപാ മാത്രം) എസ്റ്റിമേറ്റ് വർക്കിൻെറ ഓരോ സ്റ്റേജിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വർക്ക് ഓഡിറ്റ് ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥയിന്മേൽ അംഗീകരിച്ച് ധനവിനിയോഗാനുമതി നൽകി ഉത്തരവാകുന്നു.

ഡോ. വി. എം. ഗോപാല മേനോൻ ഐ.എ.എസ്.
ഗുരുവായൂർ ദേവസ്വം കമ്മീഷണർ

അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.പി.ഒ.
ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്,
ഗുരുവായൂർ ദേവസ്വം ആഡിറ്റ്, ഗുരുവായൂർ.പി.ഒ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ